**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കളിക്കളങ്ങൾ നിർമ്മിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും ഇതിനുവേണ്ടി എത്ര രൂപയാണ് സംസ്ഥാന വിഹിതമായി മാറ്റിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. 18.10.2023-ലെ സ.ഉ. (സാധാ) നം. 305/2023/ കാ.യു.വ. ഉത്തരവ് പ്രകാരം പ്രവൃത്തി ആരംഭിച്ച 4 കളിക്കളങ്ങൾ ഒഴിച്ചുള്ള ബാക്കി 120 കളിക്കളങ്ങൾക്കും പരമാവധി 50 ലക്ഷം രൂപ (സർക്കാർ വിഹിതം) വച്ച് മൊത്തം 60 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം കളിക്കളങ്ങൾക്കാണ് സംസ്ഥാന വിഹിതം നൽകിയതെന്ന് അറിയിക്കാമോ; | (ബി) | നടപ്പ് സാമ്പത്തികവർഷത്തിൽ ഇതുവരെ അനുവദിച്ച് നൽകിയിട്ടുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കളിക്കളം നിർമ്മാണത്തിന് സംസ്ഥാന വിഹിതത്തിന് തുല്യമായ തുകയാണോ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് നൽകേണ്ടത് ; വ്യക്തമാക്കുമോ; | (സി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം ഒരു കളിക്കളത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തുക ഒരു കോടി രൂപയാണ്. ഇതിന്റെ 50% തുക എം.എൽ.എ ഫണ്ടിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്നോ, സി.എസ്.ആർ ഫണ്ടിൽ നിന്നോ സ്വരൂപിക്കുന്നതിനും ഇപ്രകാരം ലഭിക്കുന്ന തുകയുടെ തത്തുല്യമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ആസ്തി വികസന ഫണ്ടിൽ നിന്നും ഈ ഇനത്തിൽ പണം ചെലവഴിക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് ധനകാര്യവകുപ്പിൽ നിന്നും ജില്ലാ കലക്ടറേറ്റിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നത് വ്യക്തമാക്കുമോ; | (ഡി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനായി SOP (Standard Operating Procedure) നിശ്ചയിച്ചും പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും 09.10.2023ലെ സ.ഉ.(അച്ചടി) നം.104/2023/ധന. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. SOP പ്രകാരം ആസ്തിവികസനഫണ്ടിൽ നിന്നും എം.എൽ.എ. നിർദ്ദേശിക്കുന്ന തുക അല്ലെങ്കിൽ 50%-ൽ |

| | | | |
|---|---|---|---|
| | | | കൂടാതെയുള്ള പ്രോജക്റ്റ് തുക, പരമാവധി 50 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അത് ബന്ധപ്പെട്ട എം.എൽ.എയുടെ ആസ്തിവികസനഫണ്ടിൽ നിന്നും ജില്ലാകളക്ടർക്ക് അനുവദിക്കാവുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം 4 കളിക്കളങ്ങളുടെ പ്രവൃത്തി ഇതിനകം ആരംഭിക്കുകയും ആയതിൽ 1 കളിക്കളത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവർത്തികളിൽ 12 പ്രവൃത്തികൾക്ക് കായികയുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി നൽകുകയും, ആയതിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പദ്ധതി | നിയമസഭാ മണ്ഡലം |
|---|---|---|
| 1 | ജി.എച്ച്.എസ് ചിറക്കര ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ |
| 2 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ഒറ്റപ്പാലം |
| 3 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | പാറശ്ശാല |
| 4 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് ജയ് ഹിന്ദ് സ്റ്റേഡിയം | വൈപ്പിൻ |
| 5 | ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ചടയമംഗലം |
| 6 | അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ് തേവലക്കര ഗ്രാമപഞ്ചായത്ത് | ചവറ |
| 7 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ജി.ബി.എച്ച്.എസ്.എസ് | വടക്കാഞ്ചേരി |
| 8 | തണ്ണിയം സ്റ്റേഡിയം, കല്ലറ ഗ്രാമപഞ്ചായത്ത് | വാമനപുരം |
| 9 | പിണറായി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ധർമ്മടം |
| 10 | മുളക്കുഴ ജി.എച്ച്.എസ് കളിസ്ഥലം | ചെങ്ങന്നൂർ |
| 11 | പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം | ഗുരുവായൂർ |
| 12 | കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ബാലുശ്ശേരി |
| 13 | തഴക്കര ഗ്രാമപഞ്ചായത്ത് ഇറവൻകര കളിസ്ഥലം | മാവേലിക്കര |
| 14 | മാവത്തും പടി കളിസ്ഥലം, ഒളവണ്ണ ഗ്രാമപഞ്ചായത്ത് | കുന്ദമംഗലം |
| 15 | പത്തിയൂർ ഗ്രാമപഞ്ചായത്ത് ഹൈസ്കൂൾ ഗ്രൗണ്ട് | കായംകുളം |
| 16 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | കല്യാശ്ശേരി |

Rajeev R Pillai

സെക്ഷൻ ഓഫീസർ.